പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2500

11/10/2011-ൽ മറുപടി നല്ലേണ്ടത്

ചെങ്ങറ ഭൂസമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ. ബേബി<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ചെങ്ങറ ഭൂസമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് എത്ര ഏക്കർ ഭൂമിയാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; | (എ) സ.ഉ.(എം.എസ്) നം. 02/2010/റവന്യൂ തീയതി 02/01/2010 പ്രകാരം സമരത്തിൽ പങ്കെടുത്തവരും ഭൂമി ലഭിക്കുവാൻ അർഹതയുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുമായ 1495 കുടുംബങ്ങൾക്ക് വിവിധ ജില്ലകളിലായി കണ്ടെത്തിയ 831 ഏക്കർ ഭൂമിവിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) ഇതിനായുള്ള മിച്ചഭൂമി എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലാണ് വിതരണത്തിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുള്ളത്. |
| (സി) പ്രസ്തുത വിതരണത്തിനായി എന്തടിസ്ഥാനത്തിലാണ് കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്; | സി) ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കർ വീതവും, പട്ടികജാതി കുടംബങ്ങൾക്ക് 50 സെന്റ് വീതവും, മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് 25 സെന്റ് വീതവും ഭൂമി നൽകുവാനും, 5 സെന്റിൽ താഴെ ഭൂമിയുള്ളവരെ ഭൂരഹിതരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കുടംബങ്ങളെ കണ്ടെത്തിയിട്ടുള്ളത് |
| (ഡി) എന്തെങ്കിലും ക്രമക്കേട് നടന്നതായിട്ടറിയാമോ ? | (ഡി) ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ